പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 2449 — 11.10.2011 - ൽ മറുപടിക്ക്

**ഇരിങ്ങാലക്കുട നടവരമ്പ് ഗവൺമെന്റ് മോഡൽ വി.എച്ച്.എസ്.ഇ സ്കൂൾ**

| ചോദ്യം<br>ശ്രീ. തോമസ് ഉണ്ണിയാടൻ | മറുപടി<br>ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| എ) ഇരിങ്ങാലക്കുട മണ്ഡലത്തിലെ മാതൃക വിദ്യാലയമായ നടവരമ്പ് ഗവൺമെന്റ് മോഡൽ വി.എച്ച്.എസ്.ഇ സ്കൂളിനോട് അനുബന്ധിച്ച് ഒരു പോളിടെക്നിക് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;<br><br>ബി) ഉന്നത നിലവാരമുള്ള സാങ്കേതിക വിദ്യാഭ്യാസ കേന്ദ്രമായി ഈ സ്ഥാപനത്തെ വളർത്തുവാൻ എന്തൊക്കെ പുതിയ പദ്ധതികൾ ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ;<br><br>സി) ഈ സ്കൂളിൽ പോളിടെക്നിക്കും മറ്റ് സാങ്കേതിക കോഴ്സുകളും ആരംഭിക്കുന്നതിന് എന്തൊക്കെ നടപടി ക്രമങ്ങളാണ് . പൂർത്തീകരിക്കേണ്ടത് എന്ന് വിശദമാക്കുമോ? | (എ) യും (ബി) യും (സി) യും<br><br>പോളിടെക്നിക് ആരംഭിക്കുന്നതിന് എ.ഐ.സി.റ്റി.ഇ.യുടെ അംഗീകാരം ആവശ്യമുണ്ട്. കൂടാതെ എ.ഐ.സി.റ്റി.ഇ. നിഷ്കർഷിച്ചിരിക്കുന്ന സ്ഥലവും കെട്ടിടവും സാധനസാമഗ്രികളും അദ്ധ്യാപകരും അനദ്ധ്യാപകരും ആവശ്യമുണ്ട്. നടവരമ്പ് ഗവൺമെന്റ് മോഡൽ വി.എച്ച്.എസ്.ഇ സ്കൂളിനോട് അനുബന്ധിച്ച് ഒരു പോളിടെക്നിക് ആരംഭിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ